**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1247** **10-08-2023 - ൽ മറുപടിയ്ക്ക്**

**ചട്ടമ്പിസ്വാമികളുടെ മാതൃഭവനവും സ്ഥലവും സ്മാരകമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചട്ടമ്പി സ്വാമികളുടെ മാതൃഭവനവും സ്ഥലവും സ്മാരകമാക്കി സംരക്ഷിക്കുന്നതിനുള്ള തുടർ നടപടികൾ എന്തായെന്നും ഭൂമി ഏറ്റെടുക്കൽ നടപടി എന്തായെന്നും വിശദമാക്കാമോ? | (എ) | നവോത്ഥാന നായകനായ ശ്രീ ചട്ടമ്പിസ്വാമിയുടെ തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് മച്ചേൽ സ്ഥിതി ചെയ്യുന്ന മാതൃഭവനം അദ്ദേഹത്തിന്റെ സ്മാരകമാക്കുന്നതിന് 13.62 ആർ ഭൂമി ഏറ്റെടുക്കുവാൻ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ന്യായവില അനുസരിച്ച് 33,09,349/-രൂപ ഭൂമിയ്ക്ക് വില കണക്കാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സ്മാരക നിർമ്മാണത്തിനായി വകയിരുത്തിയ 20 ലക്ഷം രൂപയിൽ 15 ലക്ഷം രൂപ ഭൂമി ഏറ്റെടുക്കലിന് അനുവദിച്ചിരുന്നു. തുടർന്ന്, ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പ് നിശ്ചയിച്ച ന്യായവിലയായ 33,09,349/-രൂപ അപര്യാപ്തമാണെന്നും ഇതിലേക്കായി 67,00,000/-രൂപ ആവശ്യമാണെന്നും സ്പെഷ്യൽ തഹസിൽദാർ (പൊന്നുംവില) അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നടപ്പുസാമ്പത്തിക വർഷം ചട്ടമ്പിസ്വാമി സ്മാരക നിർമ്മാണത്തിനായി ബജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമെ ആവശ്യമായ തുക അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ